## ക്ഷീര വികസന ഓഫീസ് -ഇരിക്കൂർ

| നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | സേവനം ലഭിക്കുന്ന ഓഫീസ്/ ഉദ്യോഗസ്ഥൻ | അപേക്ഷിക്കേണ്ടുന്ന രീതി | നിബന്ധനകളും മാനദണ്ഡങ്ങളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 12 | തീറ്റപുൽകൃഷി -വനിതാ ഗ്രൂപ്പ്- 7500/-രൂപ ധനസഹായം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | ഒരേക്കർ സ്ഥലത്ത് പുൽകൃഷി, തൂക്കു മിഷ്യൻ,പുല്ല് വിൽപനനടത്തിയതിന്റെ മിനുട്സ് ബുക്ക് | | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 13 | തീറ്റപുൽകൃഷി ജലസേചനപദ്ധതി ,10000/-രൂപ ധനസഹായം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | 50 സെന്റ് തനിവിളയായി പുൽകൃഷി Springler വെയ്ക്കണം | 150 രൂപ രജി.ഫീസിനത്തിൽ ഈടാക്കുന്നു | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 14 | തീറ്റപുൽകൃഷി യന്ത്രവൽക്കരണം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | പുല്ല് കട്ട് ചെയ്യുന്ന യന്ത്രം ,50 സെന്റ് പുൽകൃഷി | രജി .ഫീസ് 150 രൂപ | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 15 | ക്ഷീരകർഷക ക്ഷേമനിധി പ്രതിമാസം 1100/- രൂപ വീതം പെൻഷൻ നൽകുന്നു | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | ക്ഷേമനിധിയിൽ അംഗമായ ശേഷം 5 വർഷം 5000 ലിറ്ററിൽ കൂടുതൽ പാൽ അളന്നാൽ 60 വയസ്സിന് ശേഷം പെൻഷന് അർഹത നേടണം | 100 രൂപ രജി. ഫീസ് ഇനത്തിൽ ഈടാക്കുന്നു | ബാങ്ക് വഴി അർഹരായവർക്ക് ലഭിക്കുന്നു |
| 16 | പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | 25 പേർ ഒപ്പിട്ട അപേക്ഷ ജില്ലാ ഓഫീസർക്ക് സമർപ്പിക്കുന്നു | സമീപത്തുള്ള ക്ഷീര സംഘങ്ങളുടെ പരിധിയിൽ പെടാത്ത ഒരു വാർഡ് ഉണ്ടായിരിക്കണം | | അപേക്ഷ ലഭിച്ച് ഒരാഴ്ചക്കകം |
| 17 | മിൽക്ക ഷെഡ് വിതരണ പദ്ധതി -കർഷകർക്ക് പശു വളർത്തുന്നതിന് സബ്സിഡി നൽകുന്നു<br>1 പശു - 32000<br>2 പശു - 175000<br>5. പശു - 90500<br>10 പശു - 181200<br>ആവശ്യാധിഷ്ടിത ധനസഹായം - 50,000 കറവ യന്ത്രം- 25,000 തൊഴുത്ത് നിർമ്മാണം50,000 | യൂണിറ്റ് ഡയറി ഫാം ഇൻസ്ട്രക്ടർ / വുമൺ ക്യാറ്റികേർ , വർക്കർ | | കുറഞ്ഞത് 3 വർഷമെങ്കിലും നില നിർത്തണം | രജി .ഫീസ് 150 രൂപ | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 18 | ക്ഷീരസംഘങ്ങൾക്ക് ഓപ്പറേഷൻ അസിസ്റ്റന്റ്സ് 61500/ -രൂപ | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ്, ഇരിക്കൂർ | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | പുതുതായി രൂപീകരിച്ച പ്രവർത്തനം ആരംഭിക്കുന്ന സംഘങ്ങൾക്ക് മാത്രം 100 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കണം | | പ്രവർത്തനം തുടങ്ങി 30 ദിവസത്തിനകം |
| 19 | ക്ഷീരസംഘങ്ങൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ് | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ്, ഇരിക്കൂർ | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | | 150 രൂപ രജി. ഫീസ് ഇനത്തിൽ ഈടാക്കണം | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |

## ക്ഷീര വികസന ഓഫീസ് -ഇരിക്കൂർ

| നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | സേവനം ലഭിക്കുന്ന ഓഫീസ്/ ഉദ്യോഗസ്ഥൻ | അപേക്ഷിക്കേണ്ടുന്ന രീതി | നിബന്ധനകളും മാനദണ്ഡങ്ങളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 20 | ക്ഷീരസംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരം കമ്പ്യൂട്ടർ പ്രിന്റർ, ബിൽഡിംഗ് റിപ്പയർ | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | സ്വന്തമായി സ്ഥലമുള്ളവരും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾ | 150 രൂപ രജി.ഫീസിനത്തിൽ ഈടാക്കുന്നു | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 21 | ക്ഷീരസംഘങ്ങൾക്ക് FSSA പദ്ധതി പ്രകാരം മിൽക് ടെസ്റ്റിംഗ് ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതി | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | പ്രതിദിനം 500 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾക്ക് മാത്രം | 150 രൂപ രജി.ഫീസിനത്തിൽ ഈടാക്കുന്നു | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 22 | ക്ഷീരസംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്പദ്ധതി 10500/- ധനസഹായം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | | രജി .ഫീസ് 150 രൂപ | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 23 | ക്ഷീരസംഘങ്ങൾക്ക് ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ 625000/-രൂപ ധനസഹായം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | | 150 രൂപ രജി.ഫീസിനത്തിൽ ഈടാക്കുന്നു | ട്രഷറിയിൽ നിന്നും ബിൽ മാറി ഏഴു ദിവസത്തിനകം |
| 24 | പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം | ക്ഷീര വികസന ഓഫീസർ/ ക്ഷീരവികസന യൂണിറ്റ് | 25 പേർ ഒപ്പിട്ട അപേക്ഷ ജില്ലാ ഓഫീസർക്ക് സമർപ്പിക്കുന്നു | സമീപത്തുള്ള ക്ഷീരസംഘങ്ങളുടെ പരിധിയിൽ പെടാത്ത ഒരു വാർഡ് ഉണ്ടായിരിക്കണം | | അപേക്ഷ ലഭിച്ച് ഒരാഴ്ചക്കകം |

പൗരാവകാശരേഖ തയ്യാറാക്കുന്നതിനായി സാമുഹ്യനീതിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ

| നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | അപേക്ഷിക്കേണ്ടുന്ന വിധം | നിബന്ധനകൾ | ഫീസ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ആശ്വാസ കിരണം | നിശ്ചിത ഫോർമാറ്റിൽ | മുഴുവൻ സമയം പരിചരണം ആവശ്യമുള്ളവരെ പരിചരിക്കുന്നവർ . ബി പി എൽ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കണം | ഇല്ല |
| 2 | സ്നേഹപൂർവ്വം പദ്ധതി (ഒന്നാം ക്ലാസ്സ് മുതൽ കോളേജ് തലം വരെ പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | ‘’ | മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ ഇല്ലാത്ത കുട്ടികൾ, ബി പി എൽ വിഭാഗത്തിൽ പെട്ടിരിക്കണം | ഇല്ല |
| 3 | സ്നേഹസ്പർശം | ‘’ | അവിവാഹിതരായ അമ്മ , ബി പി എൽ വിഭാഗത്തിൽ പെട്ടവരായിക്കണം | ഇല്ല |
| 4 | വ്യത്യസ്ത വൈകല്യമുള്ളവർക്ക് വൈകല്യ നിർണ്ണയ തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി | ‘’ | വ്യത്യസ്തവൈകല്യമുള്ളവർ | ഇല്ല |
| 5 | സമാശ്വാസം പദ്ധതി | ‘’ | വൃക്ക തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് വിധേയമാകുന്ന ബി പി എൽ ലിസ്റ്റിൽ ഉൾപ്പെട്ടവർ | ഇല്ല |
| 6 | വനിത ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് | ‘’ | വനിത ഗൃഹനാഥരായിട്ടുള്ള കുടുംബം (ബി പി എൽ വിഭാഗത്തിൽ പെട്ടവർ) യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവ,എച്ച് ഐ വി, എയിഡ്സ് ബാധിതർ (എപിഎൽ വിഭാഗം) | ഇല്ല |
| 7 | മംഗല്യ (വിധവ പുനർവിവാഹ ധനസഹായം ) | ‘’ | ബി പി എൽ വിഭാഗത്തിൽ പ്പെട്ട 45 വയസ്സിൽ താഴെയുള്ള വിധവകൾ | ഇല്ല |
| 8 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ‘’ | ബി പി എൽ വിഭാഗത്തിൽ പ്പെട്ട വിധവ , കേരളത്തിൽ 3 വർഷം സ്ഥിരതാമസക്കാർ ,വിവാഹത്തിന് ഒരു മാസം മുൻപ് അപേക്ഷിക്കണം | ഇല്ല |
| 9 | മിശ്രവിവാഹ ധനസഹായം | ‘’ | വാർഷിക വരുമാനം 22000 രൂപയിൽ കവിയരുത്. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുകയും 2 വർഷം കഴിയാത്തവരുമായിരിക്കണം | ഇല്ല |
| 10 | വികലാംഗയവതികൾക്കും പെൺമക്കൾക്കുമുള്ള ധനസഹായം | ‘’ | വാർഷിക വരുമാനം 36000 രൂപയിൽ കവിയരുത്.വിവാഹത്തിന് ഒരു മാസം മുൻപേ അപേക്ഷ നൽകണം | ഇല്ല |
| 11 | വികലാംഗചികിത്സാ സഹായം | ‘’ | ബി പി എൽ വിഭാഗത്തിൽ പ്പെട്ട ശാരീരിക വൈകല്യമുള്ള ചികിത്സ നടത്തുന്നവർ | ഇല്ല |
| 12 | വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ‘’ | വിദൂര വിദ്യാഭ്യാസം നടത്തുന്ന ഡിഗ്രി തലം വരെയുള്ള കുട്ടികൾ | ഇല്ല |
| 13 | കാഴ്ച വൈകല്യമുള്ള സ്ത്രീകൾക്ക് പ്രസവാനുകൂല്യം | വെള്ളക്കടലാസിൽ അപേക്ഷ നൽകണം | ബി പി എൽ വിഭാഗത്തിൽ പ്പെട്ട 40 ശതമാനത്തിനുമേൽ കാഴ്ചവൈകല്യമുള്ള സ്ത്രീകൾ | ഇല്ല |
| 14 | മാതൃശിശു സംരക്ഷണം ,പോഷകാഹാരം പ്രതിരോധ കുത്തിവെപ്പ് ,പ്രീ-സ്കൂൾ വിദ്യാഭ്യാസം,സ്ത്രീകളുടെയും കുട്ടികളുടെയും സ്ഥിതിവിവരകണക്കുകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ | ‘’ | അംഗണവാടിയിലെ ജീവനക്കാർ | ഇല്ല |

# പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ലഘുലേഖ

പട്ടികജാതി വികസന വകുപ്പ് ഒട്ടേറെ ക്ഷേമ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നു.

വകുപ്പിന്റെ പ്രധാനലക്ഷ്യം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികജാതി സമുദായങ്ങളാണ്. മറ്റു പിന്നോക്ക സമുദായങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായങ്ങളും പട്ടികജാതി വികസന വകുപ്പിന്റെ ഗുണഭോക്താക്കളാണെന്നുള്ളത് പൊതുസമൂഹം പലപ്പോഴും മനസ്സിലാക്കാതെ പോകുന്ന ഒന്നാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗങ്ങളിൽ പെടുത്താം

1 വിദ്യാഭ്യാസ പരിപാടികൾ

2 സാമ്പത്തിക വികസന പരിപാടികൾ

3 സാമൂഹ്യക്ഷേമ പരിപാടികൾ

4 സാംസ്കാരിക പരിപാടികൾ

5. നിയമാധിഷ്ഠിത സേവനങ്ങൾ

## വിദ്യാഭ്യാസ പരിപാടികൾ

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് .വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേഒരു സമൂഹം ശാശ്വതമായി വളരുകയുള്ളൂ. എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

### 1. നഴ്സറി സ്കൂളുകൾ

പട്ടികജാതി കോളനികളും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 88 നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തി വരുന്നു. പ്രതിദിന ഫീഡിംഗ് ചാർജും യൂണിഫോമും അടങ്ങുന്ന പഠനസാമഗ്രികളും നൽകുന്നു. ഓരോ കുട്ടിക്കും 30 രൂപ പ്രതിദിന ഫീഡിംഗ് ചാർജ് യൂണിഫോമിന് 600 രൂപ 190 രൂപ ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതുവിഭാഗത്തിൽ നിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകാറുണ്ട്.

### 2 പ്രിമെട്രിക് വിദ്യാഭ്യാസം ( 10 ക്ലാസ്സ് വരെ )

സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ്,സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി / മറ്റർഹ വിദ്യാർത്ഥികൾക്ക് അധ്യയനം ആരംഭിച്ച്15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാധ്യാപകൻ മുഖേന ലംപ്സംഗ്രാന്റ് നൽകുന്നു.

### a) ലംപ്സംഗ്രാന്റ് നിരക്ക്

നഴ്സറി സ്കൂൾ ( വകുപ്പിന്റെ നഴ്സറി സ്കൂളുകൾ മാത്രം) 190/-രൂപ

| | |
|---|---|
| 1 മുതൽ 5 വരെ | 750/- രൂപ |
| 5 മുതൽ 7 വരെ | 900/- രൂപ |
| 8 മുതൽ 10 വരെ | 1000/- വരെ |

ഒരു വർഷം തോറ്റവർക്ക് പകുതി തുക

## b) സ്റ്റൈപ്പന്റ്

വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാൻ /യതിലിയൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു.

| | |
|---|---|
| 1 മുതൽ 4 വരെ | 750 രൂപ |
| 5 മുതൽ 7 വരെ | 900 വരെ |
| 8 മുതൽ 10 വരെ | 1000 രൂപ |

## c) 9.10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രസഹായ പദ്ധതി)

9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ ഗ്രാന്റും സ്റ്റൈപന്റും നൽകുന്ന പദ്ധതി

| | നിരക്കുകൾ | |
|---|---|---|
| | ഹോസ്റ്റലേഴ്സ് | ഡേ സ്കോളർ |
| സ്കോളർഷിപ്പ് (പ്രതിദിനം ) | 525 | 225 |
| ബുക്ക് ഗ്രാന്റ് | 1000 | 750 |

## d) ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്രസഹായ പദ്ധതി)

ജാതിമത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.

പ്രതിമാസ സ്റ്റൈപ്പന്റ് - 1-ാം ക്ലാസ്സ് മുതൽ 10-ാം വരെ - 110 രൂപ അഡ്ഹോക്ക് ഗ്രാന്റ് - 750 രൂപ (ഡേ സ്കോളേഴ്സ് ) ഹോസ്റ്റൽ അന്തേവാസികൾക്ക് - 1000 രൂപ

ഈ ആനുകൂല്യം ലഭിക്കുന്നത് വില്ലേജ് ഓഫീസറിൽ നിന്നോ ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷ നൽകണം

## e) അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ചെയ്തു നൽകുന്നു.

| | | |
|---|---|---|
| നിരക്ക് | എൽ പി യു പി ഫീസ് | 1000 രൂപ |
| | സ്പെഷ്യൽ ഫീസ് | 333 രൂപ |
| | എച്ച് എസ് ഫീസ് | 1500 രൂപ |
| | സ്പെ.ഷ്യൽ ഫീസ് | 500 രൂപ |

വിദ്യാർത്ഥികളുടെക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി ഇ ഒ/എഇ ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാത് വികസന ഓഫീസിൽ നൽകണം. ഒരു അധ്യയനവർഷത്തെതുക അടുത്തദ വർഷം റീ ഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്നതാണ്.

## f) ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് 5-ാം ക്ലാസ് മുതൽ സൗകര്യം 4 ക്ലാസ്സ് പരീക്ഷയിൽ

ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായതത് സെക്രട്ടറി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകേണ്ടതാണ്. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000 രൂപ.

## g) ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4,7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതി വർഷം 4500 രൂപ വീതം സ്കോളർഷിപ്പ് അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകുക. ജാതി വരുമാന സർട്ടിഫിക്കറ്റുകൾ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാനം പരിധി 1,00,000രൂപ 22,000 രൂപ-ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 12,000 രൂപ അധികമായി ഒറ്റത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100 രൂപ പ്രകാരം 10 മാസത്തേക്ക് 1000 രൂപ നൽകുന്നു.

## h) മോഡൽ റസിഡൻഷ്യൽ സ്കൂൾ

അഞ്ചാം ക്ലാസ്സ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിനു കീഴിൽ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. നാലാം ക്ലാസ്സ് വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഇതു സംബന്ധിച്ച അറിയിപ്പു നൽകും. ജാതി വരുമാനം നിലവിൽ പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിക്കുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരീധി 1,00,000 രൂപ.

## i) പ്രീമെട്രിക് ഹോസ്റ്റലുകൾ

ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 87 ഹോസ്റ്റലുകൾ പട്ടിക അനുബന്ധമായി ചേർക്കുന്നു. രണ്ട് സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ് പ്രതിമാസ പോക്കറ്റ് മണി 130 രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2000 രൂപ വീതം ചെലവഴിക്കുന്നു. അഞ്ചാം ക്ലാസ്സ് മുതൽ അഡ്മിഷൻ

തെരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി വരുമാനം സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത് /മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ മെയ് മാസത്തിൽ അപേക്ഷ നൽകേണ്ടതാണ്.

## j) സബ്സിഡൈസ്ഡ് ഹോസ്റ്റൽ

സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 1000 രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാന്റും500 രൂപ യൂണിഫോം അലവൻസും നൽകിവരുന്നു.

## k) ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം

കായികമേഖലയിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി അഞ്ചാം ക്ലാസ്സ് മുതൽ പരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു. ഒരു ക്ലാസ്സിൽ 30 വിദ്യാർത്ഥികൾക്ക് പ്രവേശനം 12-ാം ക്ലാസ്സു വരെ സ്റ്റേറ്റ് സിലബസ്സിൽ പഠനം ഓരോ കുട്ടിക്കും പ്രതിദിനം 130 രൂപ മെസ് ചാർജ് ഇനത്തിൽ ചെലവഴിക്കുന്നു.

## 3) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ്സിനു ശേഷം)

### a) ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

| | | |
|---|---|---|
| പ്ലസ് ടു, വി എച്ച് എസ് ഇ | - | 1400 രൂപ |
| ഡിഗ്രി, തത്തുല്യകോഴ്സുകൾ | - | 1400 രൂപ |
| പി ജി, തത്തുല്യകോഴ്സുകൾ | - | 1900 രൂപ |
| പ്രൊഫഷണൽ കോഴ്സുകൾ | - | (500 മുതൽ 3800 രൂപ വരെ കോഴ്സ് അനുവദിച്ച്) |

### സ്റ്റൈപ്പന്റ് നിരക്ക്

| | |
|---|---|
| 8 കി മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | - 800 രൂപ |
| 8 കി മീറ്റർ കൂടുതൽ യാത്ര ചെയ്യുന്നവർക്ക് | - 900 രൂപ |

നിലവിൽ ടി ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എടിഎമ്മുകൾ വഴി ഇ-ഗ്രാൻസ് എന്ന പേരിൽ വിതരണം ചെയ്യുന്നു.അപേക്ഷകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺ ലൈൻ ആയി സ്ഥാപനമേധാവിക്കു സമർപ്പിക്കണം. തുടർന്ന് അവയുടെ ഒറിജിനൽ സ്ഥാപനമേധാവി പട്ടികജാതി വികസന ഓഫീസർക്ക് നൽകണം. ജാതി വരുമാന സർട്ടിഫിക്കറ്റുകൾ എസ് എസ് എൽ സി ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമാണ് അപേക്ഷ സ്ഥാപനമേധാവി ജില്ലാ ഓഫീസർക്ക് നൽകേണ്ടതാണ്.

### b) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ്മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് 17 ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിനായിപ്രതിമാസം ഒരാൾക്ക് 2,875 രൂപ ചെലവഴിക്കുന്നു. കൂടാതെ ഓണം ക്രിസ്തുമസ് അവധികാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയും നൽകുന്നു. പോക്കറ്റ് മണിയായി 200 രൂപ നൽകുന്നു. ഹോസ്റ്റലിൽ കായിക വിനോദങ്ങൾക്കുള്ള സൗകര്യം ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളേജ് ഹോസ്റ്റലുകൾ അംഗീകൃത എയ്ഡഡ് കോളേജ് ഹോസ്റ്റലുകൾ സ്വാശ്രയകോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു.

### c) അംഗീകൃതഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500 രൂപ നൽകുന്നു.

### d) പ്രത്യേക പ്രോത്സാഹന സമ്മാനം

| കോഴ്സ് | ഫസ്റ്റ് ക്ലാസ്സ്/ഗ്രേഡ് | ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ് |
|---|---|---|
| എസ് എസ് എൽ സി | 1500 | 2500 |
| പ്ലസ് ടു ,റ്റി റ്റി സി ,ഡിപ്ലോമ | 2500 | 5000 |
| ഡിഗ്രി | 3500 | 7500 |
| പി ജി പ്രൊഫഷണൽ കോഴ്സുകൾ | 5000 | 10000 |

ജാതി സർട്ടിഫിക്കറ്റ് ,മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം

## e) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ

മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് ഒരു പവൻ സ്വർണ്ണനാണയം നൽകുന്നു.

പ്ലസ് ടു /എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണനാണയം നൽകി അനുമോദിക്കുന്നു.

## f) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിനു മുകളിൽ ലഭിച്ച വിദ്യാർത്ഥി കൾക്ക് മെഡിക്കൽ /എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000 /-രൂപ വരെ ധനസ ഹായം നൽകുന്നു.കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹാ യം.വിദ്യാർത്ഥികൾക്ക് നിലവാരമുള്ള ഇഷ്ടമുള്ള സ്ഥാപനം തിരഞ്ഞെടുക്കാം. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതി വികസനഓഫീസർക്ക് നൽകണം. ജാതി, വ രുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കുക

## g) സ്വാശ്രയ സ്ഥാപനങ്ങളിൽപ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ ,യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ ,റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിര ക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റ് ,സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺലൈനായി അക്ഷയകേന്ദ്രങ്ങൾ വഴി സമർപ്പിക്കുക.ജാതി, വരുമാനസർട്ടിഫിക്കറ്റ് ,വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്ായി ബാങ്ക് മുഖേന നൽകുന്നു

## h) എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്

എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. നിരക്ക്

മെഡിക്കൽ -10,000/-രൂപ    എഞ്ചിനീയറിംഗ് 5,000 രൂപ

അഡ്മിഷൻ നേടിയതു സംബന്ധിച്ച രേഖവരുമാന സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകണം. വരുമാന പരിധി - 1,00,000 രൂപ

## i) പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് യൂണിഫോം ബാഗ് കുട എന്നിവ വാങ്ങുന്നതിന് പഠനപ്രോത്സാഹത്തിനായി 2000 രൂപ നൽകുന്നു.

## j) ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം നൽകുന്നു.

### k) സ്റ്റെതസ്കോപ്പ് വിതരണം

ഒന്നാം വർഷം എംബിബി എസ്, ബി എ എം എസ് ,ബി എച്ച് എം എസ്വിദ്യാർത്ഥികൾക്ക് സൗജന്യ മായി സ്റ്റെതസ്കോപ്പ് നൽകുന്നു.

### l) ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

ഇ ഗ്രാന്റ്സിന് അർഹതയില്ലാത്തവരും 250000രൂപ വരെ വരുമാനവുമുള്ള കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

### m) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം

സർക്കാർ ,സർക്കാർ അംഗീകൃതസ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു.ജാതി വരുമാന സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ യോഗ്യതസംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകണം

### n) വിദൂര വിദ്യാഭ്യാസത്തിനുള്ളധനസഹായം

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സി ഫീസ് അനുവദിക്കുന്നു.

### o) സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനു പുറത്ത് അംഗീകൃതസ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു. ജോലിസംബന്ധമായി കേരളത്തിനു പുറത്ത് താല്ക്കാലികമായി താമസം ആക്കിയിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സു കൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നുഅപേക്ഷ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി വഴി പട്ടികജാതി ഓഫീസർക്ക് നൽകണം.

### p) ഭാരതത്തിനു വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

വിദേശപഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയു ടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

### q) പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ /എയ്ഡഡ്സ്ഥാപനങ്ങളിൽ പ്ലസ് ടു ഡിഗ്രി പി ജി കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/ മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു. അപേക്ഷ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബ്ലോക്ക് / മുൻസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

## r) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

വകുപ്പിനു കീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ. ടി.ഐ കളിലായി എൻ സി വി ടി/ എസ് സി വി ടി നിലവാരമുള്ള ഇലക്ട്രീഷ്യൻ ഇലക്ട്രോണിക് മെക്കാനിക് ഡ്രാഫ്റ്റ്സ്മാൻ സിവിൽ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ,പെയിന്റർ(ജനറൽ) പ്ലംബർ കാർപെന്റർ ,സ്വീയിംഗ് ടെക്നോളജി ,ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. 41 ഐ.ടി.ഐകളിലെ മിക്ക ട്രേഡുകൾക്കും എസ് ഡി വി ടി യുടെ അംഗീകാരമുള്ളതാണ്. പ്രസ്തുത ഐടിഐകളിൽ നിന്ന് 80 % ശതമാനത്തിൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് പ്രൊവിഷണൽ ഉൾപ്പടെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. എൻ സി വി ടി യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത 7 ഐടി ഐ കളിൽ നിന്ന് വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ സി വി ടി സർട്ടിഫിക്കറ്റും ലഭിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം യൂണിഫോം അലവൻസ് ഒന്നാം വർഷം 820 രൂപ നിരക്കിലും രണ്ടാം വർഷം 630 രൂപ നിരക്കിലും ലംപ്സം ഗ്രാന്റും 630 രൂപ പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു.

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുനമ്വർക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഐടി ഐ കളിൽ പ്രവേശനം ലഭിക്കാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡ്രൈവർ കം മെക്കാനിക് ട്രേഡിൽ പ്രവേശനം നേടുന്നതിന് 18 വയസ്സും മറ്റ് കോഴ്സുകൾക്ക് പ്രായപരിധിയില്ല. അപേക്ഷയോടൊപ്പം ജാതി,ജനന തീയതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാന പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ഹാജരാക്കണം.

## s) പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷാപരിശീലനം ജോബ് ഓറിയന്റഡ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ.

## t) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം

അഖിലേന്ത്യാ സർവീസിലേക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയം ഭരണ സ്ഥാപനം സംസ്ഥാന തലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്ന പട്ടികജാതി - പട്ടികവർഗക്കാർക്ക് സൗജന്യ താമസ സൗകര്യം മികച്ച ലൈബ്രറി സംവിധാനം ഉൾപ്പടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു.

## u) സെന്റർ ഓഫ് എക്സലെൻസ്

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംകിർത്താഡ്സ് കാമ്പസിൽ സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലയിൽ ജോലി ലഭിക്കുന്നതിനും പട്ടികവിഭാഗത്തിനെ പ്രാപ്തരാക്കുന്നതിന് ഇതിലൂടെ കഴിയുന്നു.

## v) ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി

## പഠനയാത്രാ പര്യടന പരിപാടി

സംസ്ഥാനത്ത് ഹയർസെക്കന്ററി വിഭാഗം, ബിരുദാനന്തരബിരുദം പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ്4000 രൂപയായി നിജപ്പെടുത്തി. സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം ജില്ലാ പട്ടികജാതിവികസന ഓഫീസിൽ നിന്നും തുക അനുവദിക്കുന്നു.

## പാലക്കാട് മെഡിക്കൽ കോളേജ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 വിദ്യാർത്ഥികൾ ഉൾപ്പടെ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് 500 കിടക്കകളും വിവിധ വിഭാഗങ്ങളിലുമായി 20 ചികിത്സാ യൂണിറ്റുകളുമുള്ള ഒരു മെഡിക്കൽ കോളേജ്പാലക്കാട് 2014-15 ൽ ആരംഭിച്ചു. മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പാരാമെഡിക്കൽ കോഴ്സുകളും ലബോറട്ടികളും ആശുപത്രിയിലേക്ക് ആവശ്യമായ സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപ്പാദക യൂണിറ്റുകളും ഗവേഷണ വികസന സംരഭങ്ങളും ആരംഭിക്കുന്നതാണ്.

## സാമ്പത്തിക വികസന പദ്ധതികൾ

### 1. സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് 3 ലക്ഷംവരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാതുകയുടെ 1/3 സബ്സിഡി പദ്ധതി ബാങ്കുളുമായി ചേർന്ന് നടപ്പാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏതു സ്വയം തൊഴിൽ സംരഭവും തുടങ്ങാം . പ്രായം 18-40 ,വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്സ് ,വരുമാനപരിധി ബാധകമല്ല.അപേക്ഷ വിദ്യാഭ്യാസ യോഗ്യത ജാതി വരുമാന സർട്ടിഫിക്കറ്റുകൾ പദ്ധതി റിപ്പോർട്ട് ,റേഷൻ കാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ് , എസ് എസ് വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ /കോർപ്പറേഷൻ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകുക.

### 2. വക്കീലൻമാർക്ക് ധനസഹായം

നിയമവിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു.

#### ഒന്നാം വർഷം

1. എൻറോൾമെന്റ് ഫീസ് - 1,600 രൂപ
2. വസ്ത്രം വാങ്ങുന്നതിന് - 4,000 രൂപ
3. പുസ്തകം വാങ്ങുന്നതിന് - 12,000 രൂപ

#### രണ്ടും മൂന്നും വർഷങ്ങളിൽ

1. വസ്ത്രം വാങ്ങുന്നതിന് - 4,000 രൂപ
2. പുസ്തകം വാങ്ങുന്നതിന് - 12,000 രൂപ

3. മുറിവാടക പ്രതിമാസം 500 രൂപ നിരക്കിൽ ) - 6,000/-

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി സർട്ടിഫിക്കറ്റ് എൽ എൽബിയുടെ സർട്ടിഫിക്കറ്റ് ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം സഹിതം ജില്ലാ പട്ടികവർഗ്ഗ ഓഫീസർക്ക് സമർപ്പിക്കുക.

### 3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ് ഷിപ്പ്

ഐ ടി ഐ ,ഡിഗ്രി എഞ്ചിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രതിമാസ നിരക്ക്

| | |
|---|---|
| ഐ ടി ഐ | - 2000/- |
| ഡിപ്ലോമ | - 2500/- |
| എഞ്ചിനീയറിംഗ് ഡിഗ്രി | - 3000/- |

### 4. ടൂൾ കിറ്റ്

വകുപ്പിന്റെ ഐ ടി ഐ കളിൽ വിവിധ ട്രേഡുകൾ പാസ്സായവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു

### 5. ഉൽപ്പന്ന പ്രദർശന വിപണന മേള

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉല്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായ സംഘങ്ങളുടെ ഉല്പന്നങ്ഹൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകരമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്താൽ ഒരു വർഷം രണ്ടു സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉല്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹനവാടക സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിനബത്ത ഭക്ഷണം എന്നിവ നൽകുന്നു. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി ഓഫീസർ പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാകും.

### 6. സ്വയംപര്യാപ്ത ഗ്രാമങ്ങൾ

പട്ടികജാതി വികസന വകുപ്പിന്റെയുംതദ്ദേശസ്വയം ഭരണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കില യുടെ സഹകരണത്തോടെ പൂർത്തിയാക്കിയ പട്ടിക വിഭാഗത്തിൽപെട്ടവരുടെ സ്ഥിതി വിവരം പഠനറിപ്പോർട്ടിൽ അൻപതോ അൻപതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 436 ഗ്രാമങ്ങളുള്ളതായി കണ്ടെത്തിയിരുന്നു. വികസനപ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത ഈ ഗ്രാമങ്ങൾക്കായി സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയാണ്.

ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവഹണം നടപ്പാക്കുന്നതറോഡ് നിർമ്മാണം വൈദ്യുതീകരണം അഴുക്കുചാൽ നിർമ്മാണം സോളാർ തെരുവു വിളക്കുകൾ ബയോഗ്യാസ് പ്ലാന്റ് ഭവനപുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം എൽഎ മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവഹണം.

## സാമൂഹ്യക്ഷേമ പരിപാടികൾ

### 1. വിവാഹധനസഹായം

പട്ടികജാതി വിഭാഗത്തിൽ പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000 രൂപ വരെ വിവാഹ ധനസഹായംനൽകുന്നു. ജാതി വരുമാന സർട്ടിഫിക്കറ്റ് പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടി

ഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത് വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/മുനിസിപ്പൽയകോർപ്പറേഷൻ /പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. വരുമാന പരിധി 1,00,000/- രൂപ

## 2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടികേതര സമുദായത്തിൽ പെട്ടതുമായിരിക്കണം) വിവാഹത്തെതുടർന്നുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75000/- വരെ ഗ്രാന്റായി നൽകുന്നു.വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് ണ്മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാ ഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ കുടുംബ വാർഷിക വരുമാനം ,സഹവാസ സർട്ടിഫിക്കറ്റ് ,വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. രണ്ടു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി 1,00,000/- രൂപ

## 3. ഭൂ രഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുൻസിപ്പൽ / കോർപറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ /കോർപ്പറേഷനുകളിൽ യഥാക്രമം 375000/- രൂപ 4,50,000/- 6,00,000/ രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

അപേക്ഷ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക.വാർഷിക വരുമാന പരിധി 50,000 രൂപയും അപേക്ഷകന്റെ പ്രായപരിധി 35 വയസ്സുമാണ്. ഗ്രാമസഭ/ വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

## 4. ഭവന നിർമ്മാണ ധനസഹായം

2017-18 സാമ്പത്തിക വർഷം മുതൽ 4,00,000/- രൂപ ഭവനനിർമ്മാണധനസഹായം ആയി നൽകുന്നു. നാലു ഗഡുക്കളായി നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ടു സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണ് ധനസഹായംഅനുവദിക്കുന്നത് ജാതി വരുമാനം കൈവശാവകാശ സർട്ടിഫിക്കറ്റുകൾ വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഭവനനിർമ്മാണഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകുക വരുമാന പരിധി 50,000/- രൂപ

## 5. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

50,000 രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിതഭവനരഹിതരായ വേടൻ നായാടി ചക്ലിയ അരുന്ധതിയാൻ കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീടു വെയ്ക്കുന്നതിനുള്ളപ്രത്യേക പദ്ധതി കുറഞ്ഞത് അഞ്ചു സെന്റു ഭൂമിയെങ്കിലും വാങ്ങുന്നതിനുംവീട് വെയ്ക്കുന്നതിനുമായി 725000/- രൂപ ഗ്രാന്റായി നൽകുന്നു. ഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവരുടെ പ്രായം 55 വയസ്സിൽ കവിയരുത്.

ജാതി വരുമാനം ഭൂമിയില്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലയെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക

## 6. പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യേഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി

മാരകമായ രോഗങ്ങൾ ബാധിച്ചവരുംഅത്യാഹിതങ്ങളിൽ പ്പെട്ടവരുമായ 50000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, കാൻസർ, ഹീമോഫീലിയ മുതലായ ഗഗുരുതരമായ രോഗം എന്നിവയ്ക്ക് പരമാവധി 1,00,000/ വരെ നൽകുന്നു. നിശ്ചിത ഫോറത്തിലുള്ളഅപേക്ഷ ജാതി വരുമാനം ചികിത്സിച്ച ഡോക്ററുടെ നിശ്ചിത ഫോറത്തിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് /മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കോ മന്ത്രിക്കോ നൽകാവുന്നതാണ്.

## 7. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

പട്ടികജാതി പട്ടികവർഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ളബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പമുള്ളതാക്കി തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷമായി ആചരിക്കുന്നു. ടി ആചരണക്കാലത്ത് പട്ടികജാതി പട്ടികവർഗ വികസനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ മെഡിക്കൽ ക്യാമ്പുകൾ വിജ്ഞാന സദസ്സുകൾ പ്രദർശനങ്ങൾ പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു

## 8. ഭവനപുനരുദ്ധാരണം /അഡീഷണൽ റും ധനസഹായപദ്ധതി

ഭവനനിർമ്മാണത്തിന് സർക്കാരിൽനിന്ന് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ (5 വർഷത്തിനും 25 വർഷത്തിനുമിടയിൽ പഴക്കമുള്ളവ) താമസിക്കുന്ന പട്ടികജാതി കുടുംബത്തിന്ഭവനപുനരുദ്ധാരണത്തിന് പുതുതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. പ്ലാൻ എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50000/- രൂപ അനുവദിക്കുന്നു.വരുമാനപരിധി -50,000/- രൂപ ജാതി വരുമാനസർട്ടിഫിക്കറ്റുകൾ വീടിന്റെ പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഏജൻസികളിൽനിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബന്ധപ്പെട്ട SCDO മാർക്ക് നൽകണം.

## 9. വിജ്ഞാൻവാടി

പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാവുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റു സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടു സഹിതം ഈ പദ്ധതി നടപ്പാക്കി വരുന്നു, സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇതു നടപ്പാക്കുകയാണ് ലക്ഷ്യം

## 10. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം

അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000/-രൂപവരെ ധനസഹായം നൽകുന്നു. ഇന്ത്യൻ പാസ്പോർട്ട് വിദേശതൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ വരുമാനമുള്ള 20 നും 50 നും മധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത

## 11. നാടൻ കലാമേല (ഗദ്ദിക)

പട്ടികജാതി പട്ടിക വർഗക്കാരുടെ തനതുകലകളെ പരിപോഷിപ്പിക്കുന്നതിനുംമെച്ചപ്പെടുത്തുന്നതിനുമായി ഉൽപന്ന പ്രദർശന വിപണനമേളയും കലാമേളയും സംഘടിപ്പിക്കുന്നു. പട്ടികജാതി വികസന വകുപ്പ് പട്ടിക വർഗവികസന വകുപ്പ് കിർത്താഡ്സ് എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. ഒരു വർഷം രണ്ടു സ്ഥലങ്ങളിലായി പരിപാടി സംഘടിപ്പിക്കുന്നു.

## 12. സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000/ രൂപ വരെ ധനസഹായം അനുവദിക്കുന്നു. മൗലികമായ രചനകളുടെ 2 കൈയെഴുത്ത് പ്രതികൾ ജാതി വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം സഹിതം അപേക്ഷ ചീഫ് പബ്ലിസിറ്റി ഓഫീസർ അയ്യങ്കാളി ഭവൻ കനകനഗർ ,കവടിയാർ പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കുക.

## 13. പടവുകൾ മാസിക

പട്ടികജാതി പട്ടിക വർഗവികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പു പുറത്തിറക്കുന്നു. കോപ്പികൾ ബ്ലോക്ക്/മുനിസിപ്പൽ /കോർപ്പറേഷൻപട്ടികജാതി വികസന ഓഫീസിൽ നിന്നും ചീഫ് പബ്ലിസിറ്റി ഓഫീസിൽ നിന്നും ലഭ്യമാണ്.

# മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കേരള ഗസറ്റ്

അനുബന്ധം

| ക്രമം | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | നിശ്ചിത സമയപരിധി | ഒന്നാംഅപ്പീൽ അധികാരി | രണ്ടാംഅപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | (എ) കൃത്രിമ ബീജസങ്കലനം | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | മൃഗങ്ങളെ സ്ഥാപനത്തിൽ കൊണ്ടു വന്നിട്ടുണ്ടെങ്കിൽ ഒരു മണിക്കൂറിനധികം | പഞ്ചായത്തിലെ വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ,റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ |
| | (ബി) പ്രഥമ ശുശ്രൂഷ | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | എത്രയും പെട്ടെന്ന് വെറ്റിനറി സർജന്റെ അഭിപ്രായം ആരാഞ്ഞ് | അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ,റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 2 | (എ) വാക്സിനേഷൻ സർട്ടിഫിക്കറ്റ് | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | അതേ ദിവസം | ചീഫ് വെറ്റിനറി ഓഫീസർ/ജില്ലാ വെറ്റിനറി കേന്ദ്രം | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| | (ബി) ആരോഗ്യ വില നിർണ്ണയ സർട്ടിഫിക്കറ്റ് ,ഇൻഷുറൻസിനു വേണ്ടി | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | മൂന്ന് ദിവസത്തിനകം | | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| | (സി) മരണ സർട്ടിഫിക്കറ്റ് | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | ആദ്യ റിപ്പോർട്ട് മൂന്ന് ദിവസത്തിനകം അന്തിമ റിപ്പോർട്ട് ലാബ് പരിശോധനാ ഫലം അറിഞ്ഞ്തിനു ശേഷം | ചീഫ് വെറ്റിനറി ഓഫീസർ/ജില്ലാ വെറ്റിനറി കേന്ദ്രം | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| | (ഡി) പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്,ഇൻഷ്വറൻസിനുവേണ്ടി പ്രഥമ റിപ്പോർട്ട് | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | പെർമനന്റ് ടോട്ടൽ ഡിസെബിലിറ്റി സ്ഥിരീകരിച്ച് മൂന്നു ദിവസത്തിനകം | ചീഫ് വെറ്റിനറി ഓഫീസർ/ജില്ലാ വെറ്റിനറി കേന്ദ്രം | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| 3 | ചികിത്സാ സേവനം ലഭ്യ മാക്കൽ (കൃത്രിമ ബീജസങ്കലനം ഉൾപ്പടെ | പഞ്ചായത്തിലെ വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | സ്ഥാപനത്തിൽ കൊണ്ടു വന്നിട്ടുണ്ടെങ്കിൽ പരമാവധി മൂന്നു മണിക്കൂറിനധികം മുൻഗണന നിശ്ചയിക്കേണ്ടത് വെറ്റിനറി സീനിയർ വെറ്റിനറി സർജന്റെ വിവേചനാധികാരം ഉപയോഗിച്ച് | ചീഫ് വെറ്റിനറി ഓഫീസർ/ജില്ലാ വെറ്റിനറി കേന്ദ്രം | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| 4 | സർക്കാർ ഫാമുകൾ (കന്നുകാലി കോഴി ഫാമുകൾ)സന്ദർശിക്കുവാനോ ഉരുക്കളെ വാങ്ങുന്നതിനോ താല്പര്യമുള്ള കർഷകർക്കുള്ള സേവനം | പഞ്ചായത്തിലെ വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | മൂന്നു ദിവസത്തിനകം മറുപടി ലഭ്യമാക്കും.ഉരുക്കളെ നൽകുന്നത് ലഭ്യതയുടെ അടിസ്ഥാനത്തിലും ബുക്കിംഗിന്റെ ക്രമനമ്പർ അനുസരിച്ചും ആയിരിക്കും | ഫാമിലെ ഓഫീസ് തലവൻ | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |

| ക്രനം | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | നിശ്ചിത സമയപരിധി | ഒന്നാംഅപ്പീൽ അധികാരി | രണ്ടാംഅപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 5 | പ്രത്യേക കന്നുകുട്ടി പദ്ധതി പരിപാടിയിൽ ഉൾപ്പെടുത്തൽ | സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് (ബ്രീഡിംഗ് പ്രോഗ്രാം സർക്കിചറപ വെറ്റിനറി സർജൻഡ്/ പഞ്ചായത്തിലെ വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | അംഗീകൃതഗുണഭോക്തൃ പട്ടികയും ഫണ്ടും ലഭിച്ച് 30 ദിവസം | ജില്ലാതല നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| 6 | അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന മൃഗ ങ്ങൾക്ക് പ്രവേശന അനുമതി നൽകുന്നത് | ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള ഫീൽഡ് ഓഫീസർ | ഒരു മണിക്കൂറി നകം .തിരക്കിന നുസരിച്ച് | അനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്ട്(ഗോരക്ഷാ)ജില്ലാ കോ-ഓർഡിനേറ്റർ | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| 7 | മൃഗോൽപന്നങ്ങൾക്കും സമുദ്രോൽപന്ന ങ്ങൾക്കും കയറ്റുമതി ക്കാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നത് | മൃഗോൽപന്ന സമുദ്രോൽപന്ന പരിശോധന ഉദ്യോഗസ്ഥൻ (വെറ്റിനറി സ്റ്റോക്ക് പ്രൊഡക്ട് ഇൻസ്പെക്റ്റിംഗ് ഓഫീസ്, കൊച്ചി) | മൂന്നു ദിവസതതിനകം ( പരിശോധന പ്രോട്ടോക്കോൾ അനുസരിച്ച് | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ , എറണാകുളം | ഡയറക്ടർ ,മൃഗ സംരക്ഷണ വകുപ്പ് |
| 8 | മൃഗസംരക്ഷണ മേഖലയിലെ വിവിധ കർഷക പരിശീലന ങ്ങൾ | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | 15 ദിവസത്തിനകം പരിശീലനത്തെക്കുറിച്ചുള്ള വിവരം നൽകും | പ്രിൻസിപ്പാൾ ട്രെയിനിംഗ് ഓഫീസർക ന്നുകാലി പരിശീലന കേന്ദ്രം | അഡീഷണൽ ഡയറക്ടർ പ്ലാനിംഗ് |
| 9 | സംസ്ഥാന പദ്ധതി നിർവഹണം ഗുണ ഭോക്തൃ അടിസ്ഥാന ത്തിൽ | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | അംഗീകൃത ഗുണഭോക്തൃപട്ടികയും ഭരണാനുമതിയും ബാങ്ക് വായ്പയും ആവശ്യമുള്ളവർക്ക് ലഭിച്ച് 30 ദിവസത്തിനകം | ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ |
| 10 | പ്രകൃതി ഭൂഗർഭ നിവാരണം | വെറ്റിനറി സർജൻ/ സീനിയർ വെറ്റിനറി സർജൻ | പ്രഥമ പരിശോധനാ റിപ്പോർട്ട് 24 മണിക്കൂറിനകം | ജില്ലാ, മൃഗസംരക്ഷണ ഓഫീസർ | ഡയറക്ടർ ,മൃഗ സംരക്ഷണ വകുപ്പ് |

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മയ്യിൽ മുഖേന നൽകുന്ന സേവനങ്ങൾ ചുവടെ കൊടുക്കുന്നു

# Citizen Chart

1. OP.IP Treatment
2. Immunizations
3. NCD Clinic
4. Lab facilities
5. Paliative Care
6. Ambulance
7. Mobile Freezer
8. Family Planning
9. Dental clinic
10. Geriative Clinic
11. School Health programme

# പൗരാവകാശ രേഖകളിൽ ഉൾപ്പെടുത്തേണ്ട വ്യവസായ വകുപ്പിലെ പദ്ധതികൾ

1. പി.എം.ഇ .ജി.പി - (Prme Minister Employment generate Programme ) കേന്ദ്ര സർക്കാർ പദ്ധതി .- ദേശസാൽകൃതബ്ങ്കിൽനിന്നും വായ്പ കൂടാതെ പദ്ധതി മുഖേന സബ്സിഡിയും ലഭിക്കുന്നു

2. ESS (Enterprenares Support scheme ) കേരള സർക്കാർ പരദ്ധതി - ഉല്പാദനപരമായ വ്യവസായ യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിൽ മേൽ നിശ്ചിത നിരക്കിൽ വ്യവസായ വകുപ്പു മുഖേന നിശ്ചിത നിരക്കിൽ (15% മുതൽ 30% വരെ ) സബ്സിഡി അനുവദിക്കുന്നു

3. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ടിയുള്ള ബോധവത്കരണ ക്ലാസ്സുകളുടെ ലോക്കൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് എന്റർ പ്രിനേഴ്സ് ഡവലപ്മെന്റ് പ്രോഗ്രാം ,ടെക്നോളജി ക്ലിനിക് എന്നിവ സംഘടിപ്പിക്കുന്നു.

4. EI ക്ലബിന് ധനസഹായം - ആർട്സ് ആന്റ് സയൻസ് കോളേജ് , എഞ്ചിനീയറിംഗ് കോളേജ് ഐ ടി ഐ പോളി ടെക്നിക് വൊക്കേഷൻ ഹയർ സെക്കന്ററി സ്കൂളുകൾഎന്നിവയിൽ enterpreners Development ക്ലബുകൾ തുടങ്ങുന്നതിനാവശ്യമായ ദനസഹായം നൽകുന്നു.

# പട്ടികവർഗ വികസന പദ്ധതികൾ

വിദ്യാഭ്യാസ പദ്ധതികൾ
പ്രിമെട്രിക് വിദ്യാഭ്യാസം
പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം
നഴ്സറി സ്കൂളുകൾ
പ്രീമെട്രിക് ഹോസ്റ്റലുകൾ
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ
മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
വൊക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ട്
ഉല്പാദന പരിശീലന കേന്ദ്രം
വ്യാവസായിക പരിശീലന കേന്ദ്രം
ഗോത്ര സാരഥി
അയ്യങ്കാലി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് പദ്ധതി
ട്യൂട്ടോറിയൽ ഗ്രാന്റ്
വസ്ത്രവിതരണം
ബോർഡിംഗ് ഗ്രാന്റ്
സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം
ഉയർന്നനിലവാരത്തിലുള്ള വിദ്യാഭ്യാസം
ഭാരത ദർശൻ
മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
പെരിപ്പതറ്റിക് സ്ഥാപനങ്ങൾ

## ആരോഗ്യ പദ്ധതികൾ

സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി
അരിവാൾ രോഗത്തിനുള്ള ധനസഹായം
ജനനി ജന്മരക്ഷ
പട്ടിക വർഗ്ഗ ദുരിതാശ്വാസ നിദി
സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ
ആരോഗ്യ പദ്ധതികൾ
വൈദ്യസഹായ ഘടകങ്ങൾ

## സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതികൾ

അടിയ പണിയ പ്രാ ക്തന ഗോത്ര വർഗ വികസനത്തിനു സ്പെഷ്യൽ സ്കൂളുകൾ
സ്പെഷ്യൽ സ്കൂളുകൾ
ഭക്ഷ്യ സഹായ പദ്ധതി
കൈത്താങ്ങ (അനാഥർക്കുള്ള ധനസഹായം)

പുൾഡ് ഫണ്ട് പദ്ധതികൾ
യുവതികൾക്ക് ഓട്ടോറിക്ഷാ പദ്ധതി
ദുർബല ഗോത്ര വികസന പാക്കേജ്
ഗോത്ര സംസ്കൃതി(ട്രൈബൽ കോംപ്ലക്സ്
ആദിവാസ പുനരിധിവാസ വികസന മി.ഷൻ
പെൺകുട്ടികൾക്കുള്ള ധനസഹായം
ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം
പട്ടികവർഗ്ഗ പ്രൊമോട്ടർമാർ
ഊരുക്കൂട്ടങ്ങൾ
പ്രത്യേക കേന്ദ്ര സഹായ പദ്ധതി
ഭവനരഹിതർക്ക് ഭവന നിർമ്മാണം
വീടുകളുടെ അറ്റ കുറ്റ പണികൾ
പട്ടികവർഗ ക്ഷേമസ്ഥാപനങ്ങൾക്കുള്ള ധനസഹായം
ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റിനായി
നടപ്പിലാക്കുന്ന പദ്ധതികൾ
ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടിക വർഗക്കാർക്ക്
തൊഴിൽ പരിശീലനം
ഇൻഫർമേഷൻ എഡ്യൂക്കേഷൻ & കമ്മ്യൂണിക്കേഷൻ
ഗിരി വർഗ പദ്ധതി മോണിറ്റർ ചെയ്യുന്നതിനും ഭരണം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതി
പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം
പട്ടികജാതി /പട്ടിക വർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ
കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ വികസന കോർപ്പറേഷൻ
ഗിരി വർഗ പ്രദേശത്തുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വനത്തിനുള്ളിൽ താമസിക്കുന്നവരുടെ വികസനം
ഗോത്ര വാത്സല്യനിധി
ഗോത്ര ബന്ധു

**നിയമ പരിരക്ഷാപദ്ധതികൾ**

അതിക്രമങ്ങൾ തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ
50% കേന്ദ്ര സഹായം
വനാവകാശ നിയമം
1975 ലെ കേരള സംസ്ഥാനഭൂമി കൈമാറ്റ നിയന്ത്രണവും
അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും നിയമം നടപ്പാക്കൽ

# പ്രധാനമന്ത്രി ആവാസ് യോജന

2016-17 മുതൽ 2018-19 വരെയുള്ള 3 വർഷക്കാലയളവിനുള്ളിൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ ഭവനരഹിതരായവർക്കുവേണ്ടി ഒരു കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമീൺ) 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഭവനരഹിതരായി കണ്ടെത്തിയവരെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ കേരളത്തിൽ 42,431 വീടുകളാണ് ലക്ഷ്യമിട്ടിരിക്കുന്നത് . പദ്ധതിയിൽ കേരളസംസ്ഥാനധനസഹായമായി നൽകുന്നത് 60:40 അനുപാതത്തിൽ സമതലപ്രദേശങ്ങളിൽ 1,20,000/- രൂപയും ദുർഘടപ്രദേശങ്ങളിൽ 1,30,000/- രൂപയുമാണ് നൽകുന്നത്. ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക നൽകുന്നത് പി എഫ് എം എസ് മുഖേന ഗുണഭോക്താക്കളുടെ ബേങ്ക് അക്കൗണ്ടിലേക്കാണ്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം വീടിനോടൊപ്പം ശുചി മുറി ഉൾപ്പടെ നിശ്ചിത സമയത്തിനകം ഗുണമേന്മയുള്ള ഭവനങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. കേന്ദ്രസംസ്ഥാന സർക്കാർ ധനസഹായങ്ങളും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉൾപ്പെടുത്തിയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബാങ്ക് വായ്പ ആവശ്യമുള്ളവർക്ക് 70,000/- രൂപ വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്നു. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഗുണഭോക്താക്കളുടെ ലിസ്റ്റുമായി ബന്ധപ്പെട്ട് പരാതികൾക്കുള്ള പരിഹാരം കാണുവാൻ ജില്ലാ തലത്തിൽ അപ്പലേറ്റ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി മിഷൻ മോഡിലാണ് നടപ്പിലാക്കുന്നതിനായി സംസ്ഥാന ജില്ലാ ഗ്രാമതലങ്ങളിൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

## സ്വച്ഛ് ഭാരത മിഷൻ

ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുനസംഘടിപ്പിച്ചു കൊണ്ട് 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതി നടപ്പാക്കി വരുന്നു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ഐ.ഇ.സി 2 ശേഷി വികസനം 3 ഗാർഹിക കക്കൂസ് 4 കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് 5 റൂറൽ സാനിട്ടറി മാർട്ട് 6 ഖരദ്രവ മാലിന്യന്യസംസ്കരണം(ആസ്തി സൃഷ്ടിക്കൽ) 7. റിവോൾവിംഗ് ഫണ്ട് -8.ഭരണ ചെലവ്

പദ്ധതിയുടെ 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന സർക്കാരുമാണർഹിക്കുന്നത് . ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രസഹായമായി 9,000 രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 3,000 രൂപയും പഞ്ചായത്ത് വിഹിതമായി 3,400 രൂപയും ചേർത്ത് ആകെ 15,400/- രൂപയാണ് ഗുണഭോക്താവിന് ലഭ്യമാകുന്നത്. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മിതിക്ക് 2,00,000/- രൂപയും (60% കേന്ദ്രം 30% സംസ്ഥാനം 10% ഗുണഭോക്താവും) ഖര-ദ്രവ മാലിന്യ പരിപാലന പദ്ധതികൾക്ക് പരമാവധി ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപയും (60% കേന്ദ്രം 40% സംസ്ഥാനം) റിവോൾവിംഗ് ഫണ്ട് പരമാവധി 1.5കോടി രൂപ പ്രൊജക്ട് കോസ്റ്റിന്റെ 5% യും റൂറൽ സാനിട്ടറി മാർട്ടിന് ഒരു യൂണിറ്റിന് 50 ലക്ഷം രൂപ വരെ വായ്പയായും ഐ.ഇ.സി, പ്രാരംഭ ചെലവ്, ശേഷി വികസനം എന്നിവയ്ക്കായി പ്രൊജക്ടിന്റെ 5% തുകയും ഭരണചെലവിന് 2% തുകയും (കേന്ദ്രം 60% സംസ്ഥാനം 40%) ലഭിക്കുന്നു

# ദേശീയ സമ്പാദ്യ പദ്ധതി

വികസന പ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യശീലത്തിനുള്ളത്. ധനിക-ദരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരതസർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യ പരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി (നാഷണൽ സർവീസ് സ്കീം). ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. പോസ്റ്റോഫീസ് ആവർത്തന നിക്ഷേപ (റെക്കറിംഗ് ഡിപ്പോസിറ്റ്) ത്തിലൂടെ ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നു.

ഇതിനായി എ.പി.കെ.ബി.വൈ (മഹിളാ പ്രധാൻ ക്ഷേത്രീയ പചത്ത് യോജന) ഏജന്റുമാരായി അർപ്പണബോധമുള്ള ഒരുകൂട്ടം വനിതകൾ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറെ സഹായിക്കുന്നു.

കൂടാതെ കിസാൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി എട്ടാം ഇഷ്യു, പബ്ലിക് പ്രൊവിഡന്റ് ഫണ്ട് പെൻഷൻ നിക്ഷേപ പദ്ധതി, പോസ്റ്റോഫീസ് ടൈം ഡിപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് സ്കീം, സീനിയർ സിറ്റിസൺ സ്മോൾ സ്കീം, റിട്ടയർ ചെയ്ത കേന്ദ്ര സർക്കാർ-പൊതുമേഖല ഉദ്യോഗസ്ഥരുടെ നിക്ഷേപ പദ്ധതി 1992 എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് എസ്.എ.എസ് (സ്റ്റാൻഡേർഡ് ഏജൻസി സിസ്റ്റം) ഏജന്റുമാരേയും ബ്ലോക്കുകളിലൂടെ നിയമിച്ചു വരുന്നു. അഭ്യസ്ത വിദ്യരായ വനിതകൾക്ക് ഉപജീവന മാർഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തിക അടിത്തറയും നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വവും നൽകുന്നു എന്നതാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രത്യേകത.

# പൊതുവായ നടപടിക്രമങ്ങൾ

അപേക്ഷ ലഭിച്ചാലുടൻ അതിനുള്ള രജിസ്റ്ററിൽ കൈപ്പറ്റി ശീട്ട് നൽകുകയും അന്നു തന്നെ റിപ്പോർട്ടിനായി അന്വേഷമ ഉദ്യോഗസ്ഥന് നൽകുകയും വേണം.കർഷക തൊഴിലാളി പെൻഷന്റെ കാര്യത്തിലും തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യത്തിലും അപേക്ഷകൾ 40 ദിവസത്തിനകം മറ്റുള്ള വയിൽ 60 ദിവസത്തിനകവും തീർപ്പാക്കണം.അന്വേഷമ റിപ്പോർട്ട് സെക്രട്ടറിക്ക് ലഭിച്ചു കഴിഞ്ഞാൽ അത് അടുത്ത ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിഗണിച്ച് തീരുമാനമെടുക്കുമ്പോഴും തൊട്ട ടുത്ത പഞ്ചായത്ത് യോഗത്തിൽ സെക്രട്ടറി ഈ തീരുമാനം സമർപ്പിച്ച് അംഗീകാരം വാങ്ങി അപേക്ഷ കരെ അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട വകുപ്പിൽ നിന്നും പണം ലഭിക്കുന്നത് അനുസരിച്ചാണ് അപേക്ഷകർക്ക് സഹായധനം നൽകുന്നത്. അപേക്ഷകൾ നിരസിക്കുന്ന സംഗതിയിൽ കാരണം വ്യക്ത മാക്കിയിരിക്കണം.അപേക്ഷകർക്ക് നിരസിച്ച ഉത്തരവിന്റെ പകർപ്പുകൾ സഹിതം ബന്ധപ്പെട്ടവർക്ക് നിശ്ചിത ദിവസത്തിനകം അപ്പീൽ നൽകാവുന്നതാണ്. ഏതെങ്കിലും തെറ്റായ വിവരങ്ങളുടെ അടി സ്ഥാനത്തിൽ പെൻഷൻ നൽകുന്നതിനായി ബോധ്യപ്പെട്ടാൽ ഗുണഭോക്താവിന് നേരിൽ പറയാനുള്ള അവസരം നൽകി പെൻഷൻ റദ്ദ്ചെയ്യാവുന്നതും പെൻഷൻ ശുപാർശ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതുമാണ്.

വിധവ/വികലാംഗ/കർഷക തൊഴിലാളി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന 65 വയസ്സ് പൂർത്തി യാക്കിയവർ വാർദ്ധക്യകാല പെൻഷന്റെ നിബന്ധനയ്ക്കുള്ളിൽ വരുന്നവരാണെങ്കിൽ അതിൽ ഉൾപ്പെ ടുത്തവുന്നതാണ്. പെൻഷൻ ബുദ്ധി സ്ഥിരത ഇല്ലാത്തതോ മൈനറോ ആണെങ്കിൽ രക്ഷകർത്താവ് അപേക്ഷിക്കേണ്ടതും ധനസഹായം രക്ഷാകർത്താവിന് നൽകാവുന്നതാണ്. ഇത് സംബന്ധിച്ച നിശ്ചിത ഫോറത്തിൽ രക്ഷകർത്താവ് ഒരു ഉടമ്പടി ഒപ്പിട്ട് പഞ്ചായത്തിൽ നൽകേണ്ടതാണ്.മേൽപറഞ്ഞ പദ്ധ തികൾ അനുസരിച്ച് ലഭിക്കുന്ന അപേക്ഷകൾ അതാതു സമയത്ത് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീ കാരം വാങ്ങേണ്ടതാണ്.

മേൽ നടപടി ക്രമങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തുകളാണ് പദ്ധതികൾ നടപ്പാക്കി വരുന്നത്. കൂടു തൽ വിവരങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.